"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ്- 2025-26 സാമ്പത്തിക വർഷത്തെ കൺസ്യൂമർ വെൽഫയർ കോർപ്പസ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

G.O.(Rt)No.47/2025/CAD തീയതി,തിരുവനന്തപുരം, 01-09-2025

---

പരാമർശം:-

1. 21-07-2025 - ലെ ഉപഭോക്തൃക്ഷേമനിധി കോർപ്പസ് ഫണ്ട് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിറ്റ്സ്.
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 04-08-2025,26-8-2025 തീയതികളിലെ CCS/1317/2025-CA2 നമ്പർ കത്തുകൾ.

**ഉത്തരവ്**

2025-26 സാമ്പത്തികവർഷം 3 കോടി രൂപയുടെ ഉപഭോക്തൃ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പരാമർശം (1) പ്രകാരം കേരള കൺസ്യൂമർ വെൽഫയർ കോർപ്പസ് ഫണ്ട് ഗവേണിംഗ് ബോഡി യോഗം അംഗീകാരം നൽകിയിട്ടുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ 15 ഇനങ്ങളിലുള്ള പ്രവർത്തനങ്ങൾക്കായുള്ള 3 കോടി രൂപയുടെ സമഗ്ര ഭരണാനുമതി, 2025-26 സാമ്പത്തിക വർഷത്തെ 3456-00-104-99(NP) (V) എന്ന ശീർഷകത്തിലെ ബജറ്റ് വിഹിതമായ 80,52,000/- (എൺപതു ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ മാത്രം) രൂപയിൽ പരിമിതപ്പെടുത്തി ചെലവഴിക്കണമെന്ന നിബന്ധനയോടെ ലഭ്യമാക്കണമെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉപഭോക്തൃ ബോധവൽക്കരണത്തിനായുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷത്തെ 3456-00-104-99(NP) (V) എന്ന ശീർഷകത്തിലെ ബജറ്റ് വിഹിതമായ 80,52,000/- (എൺപതു ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ മാത്രം) രൂപയിൽ പരിമിതപ്പെടുത്തി ചെലവഴിക്കണമെന്ന നിബന്ധനയോടെ ചുവടെ പറയുന്ന 1 5 ഇനങ്ങളിലുള്ള പ്രവർത്തനങ്ങൾക്കായി 3 കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകി ഉത്തരവാകുന്നു. ചെലവഴിക്കുന്നതിന്റെ വിശദമായ കണക്കുകൾ പൊതുവിതരണ കമ്മീഷണർ അടുത്ത ഗവേർണിംഗ് ബോഡിക്ക് മുൻപായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

| ക്രമ നം. | ഘടക ഇനം | തുക |
|---|---|---|
| 1 | ഉപഭോക്തൃസന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം | 15,00,000/- |
| 2 | സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾക്കുള്ള ഗ്രാന്റ് / ധനസഹായം | 50,00,000/- |

| | | |
|---|---|---|
| | | |
| 3 | എക്സിബിഷനുകൾ/വിവിധ ഉപഭോക്തൃ ദിനാഘോഷങ്ങൾ/മറ്റ് ഉപഭോക്തൃബോധ വത്ക്കരണ ചടങ്ങുകൾ | 30,00,000/- |
| 4 | ഉപഭോക്തൃബോധവത്ക്കരണ വാഹനത്തിന്റെ ഇന്ധന ചെലവുകൾ/ അറ്റകുറ്റപ്പണികൾ/നികുതി/ ഇൻഷ്വറൻസ് / മറ്റ് ചെലവുകൾ | 10,00,000/- |
| 5 | വിവിധ സോഷ്യൽ മീഡിയകളിലൂടെയുള്ള ഉപഭോക്തൃബോധവത്ക്കരണ ചെലവുകൾ ,സോഷ്യൽ മീഡിയ ലാബ് അടിസ്ഥാന സൗകര്യ വികസനം(Production &propagation of online promotion materials,Remuneration of Designer) | 35,00,000/- |
| 6 | രാജീവ്ഗാന്ധി അവാർഡ് / മറ്റ് അവാർഡ്ദാന ചടങ്ങുകൾ | 5,00,000/- |
| 7 | റേഡിയോ എഫ്.എം./AIR/ കമ്യൂണിറ്റി റേഡിയോ വഴിയുള്ള പരസ്യം / സന്ദേശം/ജിങ്കിൾസ് | 20,00,000/- |
| 8 | പ്രസിദ്ധീകരണങ്ങൾ, മാധ്യമ പരസ്യങ്ങൾ (ദിനപത്രങ്ങൾ, മാസികകൾ, സുവനീറുകൾ etc.) | 10,00,000/- |
| 9 | പരസ്യ ചിത്ര നിർമ്മാണം, പ്രാദേശിക ചാനലുകൾ ഉൾപ്പെടെയുള്ള ടി വി. ചാനലുകൾ ,ബസ്, റെയിൽവേ സ്റ്റേഷനുകളിലെ ഡിസ്പ്ളെ, പൊതുസ്ഥലങ്ങളിലെ വീഡിയോ ഡിജിറ്റൽ ഡിസ്പ്ളെ ബോർഡുകൾ എന്നിവയിലൂടെയുള്ള സംപ്രേഷണവും പ്രദർശനവും. | 30,00,000/- |
| 10 | ഉപഭോക്തൃ കേരളം (പോളിസി മാഗസിൻ ) 3 പതിപ്പുകൾ (പ്രൊഡക്ഷൻ & പ്രിന്റിങ് ) | 20,00,000/- |
| 11 | പോസ്റ്റർ/ ബുക്ക് ലെറ്റ് / പ്ലെയറുകൾ /സ്റ്റിക്കറുകൾ /ലഘുലേഖകൾ, എന്നിവയുടെ നിർമ്മാണവും വിതരണവും | 10,00,000/- |

| | | |
|---|---|---|
| | | |
| 12 | മീഡിയേഷൻ സെല്ലിന്റെ പ്രവർത്തനച്ചെലവ് | 50,00,000/- |
| 13 | മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനികളുടെ രജിസ്ട്രേഷൻ അനുബന്ധ നടപടികൾക്കുള്ള വെബ്സൈറ്റ് അപ്ഡേഷൻ, മീറ്റിങ്, സെമിനാർ ചെലവുകൾ | 5,00,000/- |
| 14 | കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലിന്റെ പ്രവർത്തന ചെലവ് | 5,00,000/- |
| 15 | വിവിധ ഉപഭോക്തൃ സംബന്ധിയായ പരിപാടികൾക്കു ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡണ്ട്,ജുഡീഷ്യൽ അംഗങ്ങൾ എന്നിവർ പങ്കെടുക്കുന്നതിനുള്ള യാത്ര ബത്ത, വാഹനത്തിന്റെ ചെലവ്, മറ്റു ചെലവുകൾ | 5,00,000/- |
| | **ആകെ** | **3,00,00,000/-**<br>**(മൂന്ന് കോടി രൂപ മാത്രം)** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARAT CHANDRAN C S
SPECIAL SECRETARY

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
വെബ്ബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.(ഫയൽ നം.സി.എ 3/104/2025-സിഎഡി)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 01-09-2025 15:40:39
സെക്ഷൻ ഓഫീസർ